പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 162 12-02-2013 -ൽ മറുപടിക്ക്

# വർദ്ധിച്ചു വരുന്ന മദ്യാസക്തി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ. ജി. സുധാകരൻ:<br>" രാജു എബ്രഹാം:<br>ശ്രീമതി കെ.കെ. ലതിക | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിയേയും അതുമൂലമുണ്ടാകുന്ന സാമൂഹ്യ വിപത്തിനെയും കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയേയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ വിപത്തിനെയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകങ്ങൾ, കൂട്ട ഓട്ടം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും, എഫ്.എം. റേഡിയോ, ആകാശവാണി വഴിയുള്ള പ്രചരണം എന്നിവയും നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്ന പേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ, കുടുംബശ്രീ പോലുള്ള സന്നദ്ധ സംഘടനകൾ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ ആദിവാസി മേഖലകൾ, കോളനി പ്രദേശങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാം നടത്തി വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് നടപ്പിലാക്കിയിട്ടുള്ള 247 സ്കൂളുകളിൽ, ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| (ബി) മദ്യപാനം മൂലം തകർന്നുപോയ കുടുംബങ്ങളെ സംബന്ധിച്ച എന്തെങ്കിലും കണക്കു ലഭ്യമാണോ; ജനസംഖ്യയുടെ എത്ര ശതമാനം മദ്യപാനികളാണെന്നറിയാമോ;<br>(സി) മദ്യപാനം മൂലം മരണപ്പെടുകയും മാരകരോഗികകളായിത്തീരുകയും ചെയ്യുവരെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ? | (ബി) (സി) മദ്യപാനം മൂലം തകർന്നുപോയ കുടുംബങ്ങളെ സംബന്ധിച്ച കണക്കുകളും, മദ്യപാനം മൂലം മരണപ്പെടുകയും, മാരകരോഗികകളായിത്തീരുകയും ചെയ്യുവരെക്കുറിച്ചുള്ള കണക്കുകളും ലഭ്യമല്ല. |

സെക്ഷൻ ആഫീസർ